"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുമരാമത്ത് വകുപ്പ് - പുല്ലേപ്പടി റെയിൽവേ മേൽപ്പാലം -ബഹു. എറണാകുളം സബ് കോടതിയിലെ എൽ.എ.ആർ. നം. 101/09 കേസിന്റെ വിധി തുക അനുവദിച്ച ഉത്തരവ്- വിധി തുക അനുവദിച്ച് ഉത്തരവാകുന്നു.

---

പൊതുമരാമത്ത്(ഡി) വകുപ്പ്

സ.ഉ.(സാധാ)നം.1859/2025/PWD. തിരുവനന്തപുരം, തീയതി, 08.12.2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം. 1396/2025/PWD തീയതി 23.09.2025
2. സ.ഉ.(സാധാ)നം. 1474/2025/PWD തീയതി 06.10.2025
3. പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം സീനിയർ ഫിനാൻസ് ഓഫീസറുടെ 27.11.2025 തീയതിയിലെ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ പുല്ലേപ്പടി റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. എറണാകുളം സബ് കോടതിയിലെ എൽ.എ.ആർ. 101/09 നമ്പർ കേസുമായി ബന്ധപ്പെട്ട വിധി തുക ഇനത്തിൽ 2,41,595/- രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം പാലങ്ങൾ വിഭാഗം സീനിയർ ഫിനാൻസ് ഓഫീസർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ പുല്ലേപ്പടി റെയിൽവേ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. എറണാകുളം സബ് കോടതിയിലെ എൽ.എ.ആർ. 101/09 കേസിന്റെ വിധിതുക ഒടുക്കുന്നതിനായി ആവശ്യമായ ₹2,41,595/- രൂപയും മുൻപ് പരാമർശം 1, 2 ഉത്തരവ് എന്നിവ പ്രകാരം മുൻപ് അനുവദിച്ച 19,13,63,673/- രൂപയും ചേർത്ത് ആകെ 19,16,05,268/- രൂപയുടെ പുതുക്കിയ ഭരണാനുമതി, അധിക തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയോടെ, അനുവദിച്ചു ഉത്തരവാകുന്നു.

3. പ്രസ്തുത തുക "5054-04-337-80-പി.സി." എന്ന ശീർഷകത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ നിന്ന്

ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിത. എം
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, നിരത്തുകൾ വിഭാഗം, തിരുവനന്തപുരം.

എക്സി.എഞ്ചിനീയർ (നിരത്തുകൾ )പൊതുമരാമത്ത് വകുപ്പ്, എറണാകുളം.

ജില്ലാകളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) ഐ&പി.ആർ.ഡി.

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 10-12-2025 13:22:48

സെക്ഷൻ ഓഫീസർ